"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിലെ ശ്രീമതി.അഞ്ജന.ജെ.ആർ, അസിസ്റ്റന്റ് ഡയറക്ടർ- സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2770/2025/LSGD തിരുവനന്തപുരം,തീയതി: 10-11-2025

---

പരാമർശം:-

1. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 16.10.2025-ലെ B3/24/2023-SECനം.കത്ത്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.11.2025-ലെ LSGD/PD/34663/2025-DEA1നം. കത്ത്

**<u>ഉത്തരവ്</u>**

2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള വരണാധികാരി/ ഉപവരണാധികാരിയുടെ ചുമതല നിർവ്വഹിക്കാൻ കഴിയാത്ത തരത്തിലുള്ള ബുദ്ധിമുട്ടുള്ള ജീവനക്കാർക്കു പകരം, അടിയന്തിരമായി നിയമനം നടത്തുന്നതിന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ 24 മുതൽ 46 വരെ വാർഡുകളുടെ റിട്ടേണിംഗ് ഓഫീസർ ആയി നോട്ടിഫൈ ചെയ്യപ്പെട്ടിട്ടുള്ള തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റൻറ് ഡയറക്ടർ-4 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പ്രേം.എസ് , ഒഴിവാക്കുവാൻ ആകാത്ത വ്യക്തിപരമായ കാരണത്താൽ 13-10-2025 മുതൽ 12-12-2025 വരെ പരിവർത്തിതാവധിക്കു അപേക്ഷ നൽകിയിട്ടുള്ളതിനാൽ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസറായ ശ്രീമതി.അഞ്ജന.ജെ.ആർ (പെൻ.നം.760935)-നെ അതേ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുവാൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റൻറ് ഡയറക്ടർ-4 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പ്രേം.എസ്-ന്, 13-10-2025 മുതൽ 12-12-2025 വരെ പരിവർത്തിതാവധി അനുവദിക്കുന്നതിനുള്ള നടപടികൾ വകുപ്പധ്യക്ഷൻ സ്വീകരിക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസറായ ശ്രീമതി. അഞ്ജന.ജെ.ആർ (പെൻ.നം.760935)-നെ അതേ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.അഞ്ജന.ജെ.ആർ പുതിയ തസ്തികയിൽ അടിയന്തരമായി ചാർജ്ജെടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം

ശ്രീമതി. അഞ്ജന.ജെ.ആർ, അസിസ്റ്റന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പുമുഖേന)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 10-11-2025 11:34:11
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്